# പറയുവാൻ മറന്നത്
## തമ്പി ആന്റണി

കവിത

നിൻ അരികത്തിരിക്കുവാൻ
അരുതാത്തതെന്തോ ചെയ്തെന്നു
ചിന്തിച്ചു ഞാൻ ഇരുന്നെന്നു
മനസ്സിൽ പറഞ്ഞതും

നിൻ മുഖം വിടരുന്നൊരു
കല്ലുവച്ചനുണ പറഞ്ഞു
കുളിരുകോരിപ്പിച്ചതും

നിൻമിഴി തിളങ്ങുവാനാ-
മിന്നുന്നതാരാഗണങ്ങളെ
മിഴിനട്ടിരുന്നാൽ
മതിയെന്നു മെല്ലെയാ
കാതിൽ മൊഴിഞ്ഞതും

നിൻ ചുണ്ടു വിടരുവാനെന്നുമൊരു
ചുംബനം തന്നാൽ മതിയെന്നു
ചൊല്ലി നാണിപ്പിച്ചതും

നീയാണെന്ന് മനസ്സിലാണെപ്പെഴുമെന്നാ-
ക്കത്തിലൊരുനാൾ
കുത്തി കുറിച്ചതും

നിൻ മനം കവരുവാനൊരിക്കൽ
ഞാനാ പഴയ
പുസ്തകത്താളിലൊരു
കൊച്ചു-കവിത
പകർത്തിവച്ചതും

നിൻ ശുണ്ഠി കാണുവാനെല്ലാം
വെറും മണ്ടൻ കവിതയാണെന്നു
പറയുവാൻ മറന്നതും